ജനറൽ ചെയർമാനായുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിക്കായിരിക്കും ദൈനംദിന കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള അധികാരം. പ്രിൻസിപ്പൽ സെക്രട്ടറി പാർലമെന്ററി അഫയേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ജനറലും, രജിസ്ട്രാർ ടി വകുപ്പിലെ ജോയിന്റ് സെക്രട്ടറിയും ഡെപ്യൂട്ടി രജിസ്ട്രാർ പി. എ. (എ) വകുപ്പിലെ സെക്ഷൻ ഓഫീസറും ആയിരിക്കും. പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിലെ ഡെപ്യൂട്ടി ഡയറക്ടറുടെ റാങ്കിലുള്ള ഒരു പബ്ലിക് റിലേഷൻസ് ഓഫീസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പബ്ലിക് റിലേഷൻസ് ഓഫീസറായി സേവനമനുഷ്ടിക്കുന്നതാണ്. എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഒരു എൽ. ഡി. കമ്പെയിലറുടെ സേവനം ഇൻസ്റ്റിറ്റ്യൂട്ടിന് ലഭ്യമാക്കിയിട്ടുണ്ട്. സി ഡിറ്റ് ഡയറക്ടർ ഇൻസ്റ്റിറ്റ്യൂട്ടിന് കമ്പ്യൂട്ടർ സംബന്ധിച്ചുള്ള സേവനം ലഭ്യമാക്കുന്നതാണ്.

(സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബൈലോ തയ്യാറാക്കിവരുന്നു.

(ഡി) ഈ സ്ഥാപനത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് 2004-05-ൽ 1,00,00,000 (ഒരു കോടി) രൂപ വകയിരുത്തിയിട്ടുണ്ട്. 2003-2004-ൽ 69,26,856 രൂപയും (അറുപത്തി ഒൻപത് ലക്ഷത്തി ഇരുപത്തി ആറായിരത്തി എണ്ണൂറ്റി അൻപത്തിയാറ്). 2004-2005-ലെ 6,15,564 രൂപയും ഉൾപ്പെടെ (ആറുലക്ഷത്തി പതിനയ്യായിരത്തി അഞ്ഞൂറ്റി അറുപത്തിനാല് രൂപ) മൊത്തം 75,42,420 രൂപ (എഴുപത്തി അഞ്ച് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി നാന്നൂറ്റി ഇരുപത്) ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ഇ) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ജനറൽ പാർലമെന്ററി അഫയേഴ്സ് വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയും ജോയിന്റ് സെക്രട്ടറി രജിസ്ട്രാറും പി. എ. വകുപ്പിലെ സെക്ഷൻ ഓഫീസർ ഡെപ്യൂട്ടി രജിസ്ട്രാറുമായി പ്രവർത്തിക്കുന്നതാണ്. കൂടാതെ പബ്ലിക് റിലേഷൻസ് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ കുറയാത്ത ഒരു പബ്ലിക് റിലേഷൻസ് ഓഫീസറുടെ സേവനവും ലഭ്യമാക്കാൻ പബ്ലിക് റിലേഷൻസ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ ഒരു എൽ. ഡി. കമ്പെയിലറുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(എഫ് ആന്റ് ജി) ഇല്ല. എന്നാൽ 27-3-2004-ൽ സംസ്ഥാന തലത്തിൽ ഒരു മോഡൽ പാർലമെന്റ് സംഘടിപ്പിക്കുകയുണ്ടായി. 9-7-2004-ൽ ബഡ്ജറ്റ് അനാലിസിസിനെക്കുറിച്ചുള്ള ഒരു സെമിനാറും നടത്തിയിട്ടുണ്ട്. സംസ്ഥാനതല മോഡൽ പാർലമെന്റ് മൽസരങ്ങൾക്ക് പ്രൊഫ. നബീസാ ഉമ്മാൾ, ശ്രീ. പരമേശ്വരൻ നായർ, ശ്രീ. ബാബു ജോസഫ് എന്നിവർ ജഡ്ജസ് ആയിരുന്നു. നിരീക്ഷകരായി വിവിധ കോളേജുകളിലുള്ള വിദ്യാർത്ഥികളെ ക്ഷണിച്ചിരുന്നു.

പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ

406 [2470] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. ആർ. ഡി.-യുടെ പ്രതിമാസ പ്രസിദ്ധീകരണങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം പ്രസിദ്ധീകരണങ്ങളാണ് സൗജന്യമായി വിതരണം ചെയ്യുന്നത്;

(സി) സംസ്ഥാനത്തെ ഏതെല്ലാം സ്ഥാപനങ്ങൾക്ക് പ്രസിദ്ധീകരണങ്ങൾ സൗജന്യമായി നൽകുന്നു;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി. ആർ. ഡി. പ്രസിദ്ധീകരണങ്ങൾക്ക് എന്തുതുക ചെലവഴിച്ചുവെന്നും ഓരോ പ്രസിദ്ധീകരണത്തിനും എത്ര രൂപാ വീതമാണെന്നും ഇനംതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജനപഥം, കേരളാ കോളിംഗ് (ഇംഗ്ലീഷ്), വികസന സമന്വയം, കേരള ഇന്റർ ഫേയ്സ് (ഇംഗ്ലീഷ്) എന്നിവയാണ് പി. ആർ. ഡി.-യുടെ പ്രതിമാസ പ്രസിദ്ധീകരണങ്ങൾ.

(ബി) വികസന സമന്വയം, കേരളാ ഇന്റർ ഫേയ്സ് എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നു. ജനപഥവും, കേരള കോളിംഗും സബ്സ്ക്രൈബ്ഡ് പ്രസിദ്ധീകരണങ്ങളാണെങ്കിലും തിരഞ്ഞെടുത്ത ചില വിഭാഗക്കാർക്ക് സൗജന്യമായി നൽകുന്നുണ്ട്.

(സി) സംസ്ഥാനത്തെ ഗ്രാമീണ ഗ്രന്ഥശാലകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, കോളേജുകൾ, വകുപ്പദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, പബ്ലിക് ബോർഡുകൾ, കമ്മീഷനുകൾ, കേരളാ ഹൗസ്, ന്യൂഡൽഹി, സംസ്ഥാനത്തെ കേന്ദ്രസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പ്രസിദ്ധീകരണങ്ങൾ സൗജന്യമായി നൽകുന്നുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് നിവേദനം

407 [2471] ശ്രീ. സി. കെ. നാണു:

,, കെ. പി. മോഹനൻ:

,, എ. സി. ഷൺമുഖദാസ്:

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള കേന്ദ്ര ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് നിവേദനം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly